## ചരമോപചാരം

### മുൻമന്ത്രി കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണം സംബന്ധിച്ച്

മി. സ്പീക്കർ: മുൻമന്ത്രി കെ. ശങ്കരനാരായണപിള്ള 19.07.2021-ന് അന്തരിച്ചു. എസ്. കുമാരപിള്ള, എൽ. മീനാക്ഷി അമ്മാൾ ദമ്പതികളുടെ മകനായി 1945 നവംബർ മൂന്നിന് ജനിച്ച അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് പൊതുപ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്നത്. കെ.എസ്.യു. ജില്ലാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ്, ഏറ്റവും പ്രായം കുറഞ്ഞ ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പിൽക്കാലത്ത് അദ്ദേഹം കോൺഗ്രസ്സ് (എസ്സ്)-ൽ ചേരുകയുണ്ടായി. ഏഴും, എട്ടും കേരളനിയമസഭകളിൽ കോൺഗ്രസ്സ് (എസ്സ്) പ്രതിനിധിയായി തിരുവനന്തപുരം ഈസ്റ്റ് നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കെ. ശങ്കരനാരായണപിള്ള 1987-91 കാലയളവിൽ നായനാർ മന്ത്രിസഭയിൽ ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. തുടർന്ന്, കോൺഗ്രസ്സ് (എസ്സ്) വിട്ട കെ. ശങ്കരനാരായണപിള്ള കേരള

വികാസ് പാർട്ടി രൂപീകരിച്ചു. പിന്നീട് ആ പാർട്ടിയെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ലയിപ്പിച്ചു. ലാളിത്യം കൈമുതലാക്കിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച കെ. ശങ്കരനാരായണപിള്ളയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)